(ബി) സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

4 (626) മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ വിദേശ പര്യടനം

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ വൈദ്യുതി വകുപ്പുമന്ത്രി വിദേശ പര്യടനം നടത്തിയപ്പോഴുള്ള ഹോട്ടൽ ബില്ലുകൾ സർക്കാരിന് നൽകിയിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറൽ 1998 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ ബില്ലുകൾ കിട്ടിയിട്ടില്ലെന്നാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ യാത്ര ഔദ്യോഗിക യാത്രയായിരുന്നോ;

(ഡി) മന്ത്രി താമസിച്ചിരുന്ന ഹോട്ടലുകളിൽ നിന്നും ലഭിച്ച ബില്ലുകളിലെ തുക നൽകിയിട്ടില്ലെന്ന അറിയിപ്പ് എന്തെങ്കിലും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഹോട്ടൽ ചെലവുകൾക്കുള്ള തുക ബന്ധപ്പെട്ട മന്ത്രി ഹോട്ടലുകൾക്ക് നൽകിയതായി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള ബില്ലുകൾ സർക്കാരിന് നൽകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(ജി) ഈ ഹോട്ടൽ ബില്ലുകൾ മന്ത്രിയുടെ യാത്ര സ്പോൺസർ ചെയ്ത വിദേശ കമ്പനി ഹോട്ടലുകൾക്ക് നൽകിയിട്ടുണ്ടോ എന്ന വിവരം ഗവൺമെന്റിനറിവുണ്ടോ;

(എച്ച്) ഇക്കാര്യത്തിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരാമർശത്തിന് മറുപടി എന്തെങ്കിലും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എച്ച്) ഏത് മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ കാര്യമാണ് ചോദ്യത്തിൽ ഉന്നയിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

5 (628) ക്രീമിലെയർ നിർണ്ണയിക്കുന്നതിനുള്ള കമ്മിഷൻ

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ക്രീമിലെയർ ഉണ്ടോ എന്ന് പരിശോധിക്കാൻ നിയോഗിച്ചിരുന്ന കമ്മിഷന്റെ റിപ്പോർട്ടിന്റെ കോപ്പി സർക്കാരിന് എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ;

(ബി) ഈ റിപ്പോർട്ടിൽ ക്രീമിലെയർ സംബന്ധിച്ച് കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) റിപ്പോർട്ടിൽ എന്തെങ്കിലും പാകപ്പിഴകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവയെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉന്നതാധികാര സമിതി സുപ്രീം കോടിതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് 18.6.97-ൽ സുപ്രീംകോടതി സ്റ്റാൻഡിംഗ് കൗൺസിൽ മുഖേന സർക്കാരിന് ലഭിച്ചു.

(ബി) ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ട് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ സമിതി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(സി)&(ഡി) തെറ്റായി പേര് നൽകിയിട്ടുള്ള വിഭാഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ലിസ്റ്റിൽ കടന്നുകൂടിയിട്ടുള്ള ഒഴിവാക്കലും തെറ്റും പരിഹരിക്കാൻ സുപ്രീംകോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ഇത് സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇപ്പോൾ വ്യക്തമാക്കാൻ നിവൃത്തിയില്ല.

(ഇ) റിപ്പോർട്ടിൽ വന്നിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

*** 6 (629) അന്വേഷണ കമ്മിഷനുകൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര അന്വേഷണ കമ്മിഷനുകളെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ കമ്മിഷനുകളുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചു; അതിൻമേൽ സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിച്ച അന്വേഷണ കമ്മിഷനുകളുടെ റിപ്പോർട്ടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭി

LIBRARY ARCHIVES Kerala Legislative Assembly